(സി) വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒഴിവുകൾ ഹെഡ് ക്വാർട്ടേഴ്സ് ഒഴിവുകളായതിനാൽ റൊട്ടേഷൻ പ്രകാരം മറ്റു ജില്ലകളിൽ നിന്നുള്ളവരാണ് നിയമിക്കപ്പെടുന്നത്. ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് സ്വന്തം ജില്ലയിലേക്കുള്ള സ്ഥലംമാറ്റത്തിന് മുൻഗണനയുണ്ട്. അതിനാൽ ഇങ്ങനെ നിയമിക്കപ്പെടുന്നവരെല്ലാം തന്നെ ജോലിയിൽ പ്രവേശിച്ചയുടൻ തന്നെ സ്ഥലംമാറ്റത്തിനു അപേക്ഷിക്കുകയും സ്ഥലംമാറ്റം വാങ്ങി പോകുകയും ചെയ്യുന്നു. ഇത് ചില ഘട്ടങ്ങളിൽ ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച കനേഷുമാരി പ്രവർത്തനങ്ങൾ

23 (2025) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 18 വയസ്സുവരെയുള്ള കുട്ടികളെ സംബന്ധിച്ച കനേഷുമാരി പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസികളാണ് നടത്തിയതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വിവരങ്ങൾ എന്തൊക്കെ കാര്യങ്ങൾക്ക് വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(സി) ഇതിനായി എന്തു തുക ചെലവായി ; ഏത് ഫണ്ടിൽ നിന്നാണ് തുക വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെങ്കിലും ദേശീയ പരിപാടിയുടെ ഭാഗമായാണോ പ്രസ്തുത വിവര ശേഖരണം നടത്തിയതെന്ന് വിശദമാക്കുമോ ; എങ്കിൽ എത്രത്തോളം കേന്ദ്രസഹായം ലഭിച്ചു ;

(ഇ) പ്രസ്തുത പരിപാടിക്ക് സ്പോൺസർമാർ ഉണ്ടായിരുന്നോ ; വിശദമാക്കുമോ ;

(എഫ്) ഇതു മുഖേന ശേഖരിച്ച വിവരങ്ങൾ ബഹുരാഷ്ട്ര ബിസിനസ് സ്ഥാപനങ്ങൾ അവരുടെ ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കാര്യം അറിവുണ്ടോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കരുനാഗപ്പള്ളി പുത്തൻതെരുവ് അൽസെയ്ത് എൽ.പി. സ്കൂളിന്റെ മാനേജ്മെന്റ്

24 (2026) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി പുത്തൻതെരുവ് അൽസെയ്ത് എൽ.പി.സ്കൂളിന്റെ മാനേജ്മെന്റ് ഇപ്പോൾ ആരുടെ പേരിലാണുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്കൂളിൽ ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ തദനുസൃതമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ശുപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഫൈനാൻസ് വിംഗ് പരിശോധിച്ച ശേഷം ശുപാർശ ചെയ്ത നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ വകുപ്പ് താമസിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത സ്കൂളിലെ പ്രശ്നങ്ങൾ സംബന്ധിച്ച് നിയമസഭാ പിന്നോക്ക സമുദായ സമിതി എന്തെങ്കിലും ശുപാർശ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തായിരുന്നു ശുപാർശ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സ്കൂളിന്റെ മാനേജ്മെന്റ് ഇപ്പോൾ ശ്രീ. എ. നാസർ മണ്ണേൽ, ഇടക്കുളങ്ങര, കരുനാഗപ്പള്ളി എന്ന ആളിന്റെ പേരിലാണ്.

(ബി) ഉണ്ട്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാർശകൾ പ്രകാരം സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു:

1. മാനേജർക്കെതിരെയുള്ള അച്ചടക്ക നടപടികൾ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിച്ചുവരുന്നു.

2. സ്കൂളിലെ മുൻ ഹെഡ്മിസ്ട്രസ് ശ്രീമതി പി. ബുഷ്റയെ സർവ്വീസിൽ തിരികെ പ്രവേശിക്കണമെന്ന് പലതവണ ഉത്തരവുകൾ നൽകിയെങ്കിലും മാനേജർ നടപ്പാക്കിയിട്ടില്ല. ഈ ഉത്തരവുകൾക്കെതിരെ മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.

3. സ്കൂളിലെ ഹെഡ്മിസ്ട്രസ് ഇൻ-ചാർജ്ജായിരുന്ന ശ്രീമതി ആശാ രാജിന് എതിരെയുള്ള അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാളെ 26-10-2010-ന് സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും അന്നുതന്നെ സീനിയർ ആയ അദ്ധ്യാപികയെ ഹെഡ്മിസ്ട്രസ് ഇൻ-ചാർജ്ജായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

4. ശ്രീമതി പി. ബുഷ്റ ഹെഡ്മിസ്ട്രസായി ജോലി നോക്കിയ കാല ഘട്ടത്തിൽ പാചക ആവശ്യത്തിന് പാചകത്തൊഴിലാളിക്ക് മുൻകൂറായി നൽകിയ തുക തിരിച്ചടയ്ക്കുവാൻ ശ്രീമതി ആശാ രാജിന് നിർദ്ദേശം നൽകുകയുണ്ടായി. ഈ തുക ബുഷ്റയ്ക്ക് കൊടുത്തതായുള്ള ഒരു രസീത് ആശാ രാജ് സമർപ്പിച്ചുവെങ്കിലും പ്രസ്തുത രസീത് വ്യാജമാണെന്ന് കരുനാഗപ്പള്ളി മുൻസിഫ് കോടതിയുടെ 30-9-2010-ലെ ഒ.എസ്.നമ്പർ 144/09 കേസിലെ വിധിയിൽ പരാമർശിക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി

LIBRARY ARCHIVES Kerala Legislative Assembly

കൈവശം വച്ചിരിക്കുന്ന തുക തിരിച്ചടക്കണമെന്ന് ശ്രീമതി ആശാ രാജിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ മുൻസിഫ് കോടതി വിധിക്കെതിരെ ശ്രീമതി ആശാ രാജ് കൊല്ലം ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്.

5. പാചക തൊഴിലാളിയായ ലക്ഷ്മി സമർപ്പിച്ച പരാതിയെ സംബന്ധിച്ച കേസിൽ തീരുമാനമായിട്ടില്ല.

(സി) ശുപാർശയുടെ പകർപ്പ് ലഭ്യമാക്കുന്നു.

(ഡി) ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശുപാർശകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) അൽസെയ്ത് എൽ.പി. സ്കൂളിലെ ക്രമക്കേടുകൾ സംബന്ധിച്ച് കേരള നിയമസഭ പിന്നോക്കസമുദായ സമിതി ചില വിശദാംശങ്ങൾ സർക്കാരിനോട് ആരായുകയും അതിനു മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സ്കോളർഷിപ്പുകൾ ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏൽപ്പിച്ച നടപടി

25 (2028) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കോളർഷിപ്പുകൾ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏല്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൽ എടുത്ത നടപടികൾ എന്തെല്ലാം ;

(സി) എന്തെല്ലാം സ്കോളർഷിപ്പുകളാണ് ഓഡിയോ വിഷ്വൽ റിപ്രോഗ്രാഫിക് സെന്ററിനെ ഏല്പിച്ചത് എന്ന് അറിയിക്കുമോ ;

(ഡി) ഓരോ ഇനത്തിനും നൽകിയ തുക എത്ര ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണ സമിതി

26 (2029) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ്സിലെ മലയാള പാഠപുസ്തക നിർമ്മാണ സമിതിയിലംഗങ്ങളായ ഒരു സംഘം അദ്ധ്യാപകരെ ഇതുമായി ബന്ധപ്പെട്ട ശില്പശാലകളിൽ നിന്ന് ബോധപൂർവ്വം മാറ്റിനിർത്തിക്കൊണ്ട് പാഠപുസ്തക

LIBRARY ARCHIVES Kerala Legislative Assembly